"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

നം:-എ3/25537/2024/ഡിജിഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 10-12-2024
supdta.dge@kerala.gov.in

---

## സർക്കുലർ

---

വിഷയം:- പൊതുവിദ്യാഭ്യാസം ജീവനക്കാര്യം-പൊതു വിദ്യാഭ്യാസ വകുപ്പിലെ ഹൈസ്കൂൾ ടീച്ചർമാരുടെ സംസ്ഥാനതല സീനിയോരിറ്റി ലിസ്റ്റ് 01.01.2025 തീയതി പ്രാബല്യത്തിൽ തയ്യാറാക്കുന്നത് - സംബന്ധിച്ച്-

സൂചന :- 1. 05.07.2023 തീയതിയിലെ സി4/146/2023 പൊ.വി.വ നമ്പർ സർക്കാർ കത്ത്.
2. 09.07.2024 തീയതിയിലെ വാല്യം 13 നമ്പർ 28 ഗസ്സറ്റ് നോട്ടിഫിക്കേഷൻ.
3. 25.11.2024 തീയതിയിലെ ഡി6/24209/2024/ഡിജിഇ നമ്പർ അനൗദ്യോഗിക കുറിപ്പ്.

*****

പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിൽ സേവനമനുഷ്ഠിക്കുന്ന എല്ലാ ഉദ്യോഗസ്ഥരുടേയും വിവരങ്ങൾ ഉൾപ്പെടുത്തി സംയോജിത സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനും എല്ലാ വർഷവും ജനുവരി ഒന്ന് അടിസ്ഥാനമാക്കി പ്രസ്തുത സീനിയോരിറ്റി പട്ടിക പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സൂചന(1) പ്രകാരം സർക്കാർ നിർദേശിച്ചിരിക്കുന്നു. പ്രസ്തുത സർക്കാർ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിൽ ജോലി ചെയ്തു വരുന്ന ഹൈസ്കൂൾ അദ്ധ്യാപകരുടെ സീനിയോരിറ്റി പട്ടിക **01.01.2025** പ്രാബല്യത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു.

**പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 01.01.2024 മുതൽ 31.12.2024 വരെ നിയമനം ലഭിച്ച എല്ലാ എച്ച്.എസ്.റ്റി മാരുടെയും (31/12/2024 പ്രാബല്യത്തിൽ അഡ്വൈസ് ലഭിച്ചവർ ഉൾപ്പെടെ) സർവീസ് വിവരങ്ങൾ ക്രോഡീകരിച്ച് ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള** EXCEL FORMAT-**ൽ 5.01.2025 ന മുൻപായി ഈ കാര്യാലയത്തിലെ** supdta.dge@kerala.gov.in **എന്ന ഇ മെയിൽ വിലാസത്തിൽ മെയിൽ ചെയ്യേണ്ടതാണ്.**

സീനിയോരിറ്റി പട്ടിക തയ്യാറാക്കുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടർമാർ ചുവടെ പറയുന്ന **നിർദേശങ്ങൾ കർശനമായും** പാലിക്കേണ്ടതാണ്.

1 . ) **സൂചന(2)പ്രകാരം പ്രസിദ്ധീകരിച്ച സീനിയോരിറ്റി പട്ടികയിൽ** ഉണ്ടായിട്ടുള്ള എല്ലാ അപാകതകളും (പേര്,ജനന തീയതി,അഡ്വൈസ് തീയതി,നിയമന ഉത്തരവിലെ തീയതി എന്നിവയിലെ തെറ്റുകൾ സീനിയോരിറ്റി ക്രമീകരണങ്ങൾ സംബന്ധിച്ച തെറ്റുകൾ തുടങ്ങിയവ)

തിരുത്തുന്നതിന് ടി അദ്ധ്യാപകരുടെ അപേക്ഷകൾ വിദ്യാഭ്യാസ ഉപഡയറക്ടർ തലത്തിൽ യഥാസമയം സ്വീകരിച്ച്, സേവനപുസ്തകം സഹിതം കൃത്യമായി പരിശോധിച്ച്,ഒന്നിൽ കൂടുതൽ **അപേക്ഷകൾ ഉണ്ടെങ്കിൽ ആയത് ക്രോഡീകരിച്ച് വ്യക്തമായ ശിപാർശ സഹിതം ഇതോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്ന പ്രൊഫോർമ (ബി) മാതൃകയിൽ EXCEL FORMAT-ൽ യഥാസമയം മെയിൽ ചെയ്യേണ്ടതും ഇൻട ഓഫീസ് വഴി അയയ്ക്കേണ്ടതും ആണ്.**സൂചന(2) പ്രകാരമുള്ള സീനിയോരിറ്റി പട്ടിക തയ്യാറാക്കിയ വേളയിൽ അപാകതകൾ പരിഹരിച്ച് നൽകുന്നതിനായി നിരവധി തവണ ഈ കാര്യാലയത്തിൽ നിന്നും നിർദേശങ്ങൾ നൽകിയിരുന്നു. എന്നാൽ അപാകതകൾ യഥാസമയം ഈ കാര്യാലയത്തിന്റെ ശ്രദ്ധയിൽ പെടുത്താത്തതിനാൽ, ഈ അപാകതകൾ വകുപ്പ്തല സ്ഥാനക്കയറ്റ പട്ടികയിലും ആവർത്തിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. സീനിയോരിറ്റി പട്ടിക അന്തിമപ്പെടുത്തി ഗസ്സറ്റിൽ പ്രസിദ്ധീകരിച്ച കഴിഞ്ഞാൽ പട്ടികയിൽ തിരുത്തലുകൾ വരുത്തുന്നതിന് സർക്കാർ അനുമതി ആവശ്യമാണ്.**ആയതിനാൽ മേൽ നിർദേശപ്രകാരമുള്ള വിവരങ്ങൾ ഈ കാര്യാലയത്തിൽ യഥാസമയം സമർപ്പിക്കേണ്ടതും അപകതകൾ ഇല്ലാത്ത സമ്പൂർണ്ണ സീനിയോരിറ്റി പട്ടിക തയ്യാറാക്കുന്നതിന് കൃത്യവും വ്യക്തവുമായ വിവരങ്ങൾ യഥാവിധി സമർപ്പിക്കുന്നതിന് എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.**

2.) പൊതുവിദ്യാഭ്യാസ വകുപ്പിലെ എച്ച്.എസ്.റ്റി തസ്തികയിൽ നിന്നും നിയമാനുസൃതം വിടുതൽ വാങ്ങി എച്ച്.എസ്.എസ്.റ്റി തസ്തികയിൽ ബൈ പ്രൊമോഷൻ മുഖേന നിയമനം ലഭിച്ച് ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും പിന്നീട് തിരികെ മാതൃതസ്തികയിൽ (എച്ച്.എസ്.റ്റി) തിരികെ പ്രവേശിച്ചവരെ എച്ച്.എസ്.റ്റി സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത അദ്ധ്യാപകരുടെ സേവനവിവരങ്ങൾ KS&SSR Part II Rule 8 note 3 ലെ വ്യവസ്ഥകൾ പ്രകാരം**(അഞ്ച് വർഷത്തിനകം തിരികെ വന്നവർ)** ആണെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷം മാത്രം പ്രോഫോർമയിൽ രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

3.) ഔട്ട് ഓഫ് ടേൺ പ്രോമോഷൻ വഴി എച്ച്.എം ആയി തുടരുന്ന അദ്ധ്യാപകരെ ഈ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ആയതിനാൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രസ്തുത അധ്യാപകരുടെ സേവന വിവരങ്ങൾ പരിശോധിച്ച് ക്രോഡീകരിച്ച് EXCEL FORMAT-ൽ **പ്രൊഫോർമ (എ)** യിൽ നൽകേണ്ടതാണ്.

4.) 01.01.2024 മുതൽ 31.12.2024 വരെ നിയമനം ലഭിച്ച **(31/12/2024 പ്രാബല്യത്തിൽ അഡ്വൈസ് ലഭിച്ചവർ ഉൾപ്പെടെ)** എല്ലാ എച്ച്.എസ്.റ്റി മാരുടെയും സർവീസ് വിവരങ്ങൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ സേവനപുസ്തകവുമായി ഒത്തു നോക്കി **എച്ച്.എസ്.റ്റി തസ്തികയിൽ നിയമനം ലഭിച്ച ഉത്തരവ് ( പി.എസ്.സി നിയമന ശിപാർശ,പ്രോമോഷൻ ,ആശ്രിത നിയമനം,അന്തർജില്ല സ്ഥലംമാറ്റം തുടങ്ങിയവ) കൃത്യമായി പരിശോധിച്ച് സീനിയോരിറ്റി കണക്കാക്കേണ്ട തീയതി വ്യക്തമായി രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.**

5.) സൂചന (1) ലെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുകയും,01.01.2025 നു മുമ്പ് വിരമിച്ചവർ/വിരമിക്കുന്നവർ,മറ്റു തസ്തികയിൽ നിയമനം ലഭിച്ചു പോയവർ ,പ്രൊമോഷൻ ലഭിച്ചവർ എന്നിവരുടെ വിവരങ്ങൾ പ്രത്യേകം ക്രോഡീകരിച്ച് നൽകേണ്ടതാണ്.( **സൂചന (1) സീനിയോരിറ്റി ലിസ്റ്റിലെ** RANK NO.,PEN,NAME,DATE OF BIRTH,RETIRED/PROMOTED/OTHERS **എന്നീ ക്രമത്തിൽ.**)

6.) അന്യത്ര സേവനം,ശൂന്യവേതന അവധി എന്നിവയിൽ പ്രവേശിച്ചിട്ടുള്ള അദ്ധ്യാപകരുടെ വിവരങ്ങൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ ശേഖരിച്ച് ക്രോഡീകരിച്ച് EXCEL FORMAT-ൽ പ്രൊഫോർമ (എ) യിൽ നൽകേണ്ടതാണ്.

7.) പ്രൊഫോർമ (എ),പ്രൊഫോർമ (ബി), എന്നിവയിലെ എല്ലാ കോളങ്ങളും കൃത്യമായി രേഖപ്പെടുത്തേണ്ടതും പ്രൊഫോർമകളിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ കൃത്യമായി പരിശോധന നടത്തി മേലൊപ്പ് രേഖപ്പെടുത്തേണ്ടതുമാണ്.

8.) അദ്ധ്യാപകർ സമർപ്പിക്കുന്ന വിവരങ്ങൾ പരിശോധിച്ച് ആയത് പൂർണ്ണമായും ശരിയാണ് എന്ന് ഉറപ്പ് വരുത്തേണ്ടത് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ ചുമതലയാണ്.**സീനിയോരിറ്റിയുമായി ബന്ധപ്പെട്ട് ഉണ്ടായേക്കാവുന്ന എല്ലാ അപാകതകൾക്കും ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ മാത്രമായിരിക്കും ഉത്തരവാദി എന്ന് ഓർമ്മിപ്പിക്കുന്നു.**ആയതിനാൽ അദ്ധ്യാപകർ സമർപ്പിക്കുന്ന രേഖകൾ സേവനപുസ്തകവുമായി ഒത്തുനോക്കി വ്യക്തമായി പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തി സമർപ്പിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**രഞ്ജൻ രാജ് ആർ.പി**
**പെൻ 101148**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

**സ്വീകർത്താക്കൾ:**

1.എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

2.എല്ലാ ജില്ല വിദ്യാഭ്യാസ ഓഫീസർമാർക്കും

3.ഡയറക്ടർ,സമഗ്ര ശിക്ഷ കേരളം,തിരുവനന്തപുരം.

4.ഡയറക്ടർ,എസ്.സി.ഇ.ആർ.റ്റി ,തിരുവനന്തപുരം.

5.എല്ലാ ഡയറ്റ് പ്രിസിപ്പൽമാർക്കും,

6.ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കൈറ്റ്(ഒൌദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)

7.എല്ലാ സ്കൂൾ പ്രധാമാദ്ധ്യാപകർക്കും.

8.ഓഫീസ് കോപ്പി/കരുതൽ ഫയൽ

## PROFOMA A

| Rank No. | PEN | Name | Subject | Date of Birth | Date of Joining Duty | Date of Reckoned for Seniority | P S C Adv: SI. No(.PSC/ PROM/C ES/SR | Rev: Dist: | Mode of Appointment | ORDER NO OF PSC Adv/PROM/IDT/ CES/SR-DC |
|---|---|---|---|---|---|---|---|---|---|---|
| NUMBERS ONLY | NUMBERS ONLY | CAPITAL LR ONLY | NAME OF SUB ONLY | dd-mmm-yyyy | dd-mmm-yyyy | dd-mmm-yyyy | NUMBERS ONLY | NAME OF DIST | PSC/PROM/CES /SR-DC | ORDER NO &DATE |
| | | | ENGLISH | | | | | | | |
| | | | MALAYALAM | | | | | | | |
| | | | HINDI | | | | | | | |
| | | | NATURAL SCIENCE | | | | | | | |
| | | | PHYSICAL SCIENCE | | | | | | | |
| | | | MATHEMATICS | | | | | | | |
| | | | TAMIL | | | | | | | |
| | | | ARABIC | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | |
| | | | | | | | | | | |

**DEPUTY DIRECTOR OF EDUCATION**

## PROFOMA B

| Rank No. IN HST SY LIST 2024 | PEN | Name | Subject | Date of Birth | Date of Reckoned for Seniority | CORRECTION IN HST SY LIST 2024 | CORRECTION REQUIRED |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |

DEPUTY DIRECTOR OF EDUCATION